(ബി) കൈത്തറി മേഖലയിൽ 9-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിവന്ന പ്രധാനപ്പെട്ട എല്ലാ പദ്ധതിയും 10-ാം പദ്ധതിക്കാലത്തും തുടരാൻ തീരുമാനിക്കുകയും അവ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. വിദഗ്ദ്ധ നെയ്ത്തുകാരെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകി ഗുണമേന്മയേറിയ കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിന് 'കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം' എന്ന പദ്ധതി നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിലും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, സ്വകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിപ്രകാരം 10 കോടി രൂപാ വീതം മുതൽമുടക്കുള്ള കയറ്റുമതി ലക്ഷ്യമാക്കിയുള്ള രണ്ടു പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ പുനഃസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 'ദീൻദയാൽ' കൈത്തറി വികസന പദ്ധതി പ്രയോജനപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തുല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കാൻ നടപടി

21 (1211) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വസ്ത്ര ഉല്പാദനത്തേയും ഉപഭോഗത്തേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വസ്ത്രങ്ങളുടെ വില്പനയിൽ റിക്കാർഡ് ഉള്ളപ്പോഴും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എന്തു തുകയുടെ വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന വസ്ത്രങ്ങൾ എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് ഒരു വർഷത്തെ വിവിധതരം വസ്ത്രങ്ങളുടെ ശരാശരി ഉല്പാദനത്തേയും അവയുടെ വില്പനയേയും കുറിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് കൂടുതൽ ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ ;

(ജി) ആഴ്ചയിൽ ഒരു ദിവസം പാരമ്പര്യ കേരളീയ വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ വസ്ത്ര ഉല്പാദനത്തേയും ഉപഭോഗത്തേയും സംബന്ധിച്ച ഒരു മാർക്കറ്റ് സർവ്വേ നടത്തുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. മറ്റു സംസ്ഥാനങ്ങളിലെ യന്ത്രത്തറിവസ്ത്രങ്ങളെ അപേക്ഷിച്ച് കേരളത്തിലെ കൈത്തറി വസ്ത്രങ്ങൾ താരതമ്യേന വില കൂടുതലാണ്. അതിനാൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന കൈത്തറിവസ്ത്രങ്ങൾക്ക്, പുറത്തുനിന്നു വരുന്ന യന്ത്രത്തറി വസ്ത്രങ്ങളുമായി മത്സരിച്ചു വിറ്റഴിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ഉദ്ദേശം 2000 കോടി രൂപയുടെ വസ്ത്രങ്ങൾ വിറ്റഴിക്കുപ്പെടുന്നതായി കണക്കാക്കപ്പെടുന്നു.

(ഡി) മേല്പറഞ്ഞതിൽ ഉദ്ദേശം 24 ശതമാനം വസ്ത്രങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്.

(ഇ) സംസ്ഥാനത്തു കൈത്തറി മേഖലയിൽ 74 മില്യൻ മീറ്ററും യന്ത്രത്തറി മേഖലയിൽ 14 മില്യൻ മീറ്റർ തുണിയും ഉൽപാദിപ്പിക്കുന്നതായി കണക്കാക്കുന്നു.

(എഫ്) പരിശോധിച്ചുവരുന്നു.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

പവർലൂം ആരംഭിക്കുന്നതിനുള്ള എസ്.എസ്.ഐ. രജിസ്ട്രേഷൻ

22. (1212) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പവർലൂം ആരംഭിക്കുന്നതിനുള്ള എസ്.എസ്.ഐ. രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആവശ്യത്തിന് എസ്.എസ്.ഐ. രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തീർപ്പാക്കാതെ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly